സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 158 2024 ഒക്ടോബർ 07 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

പ്രതിപക്ഷ നേതാവിനെതിരായ മുഖ്യമന്ത്രിയുടെ അധിക്ഷേപ പരാമർശം നീക്കണം: അനിൽകുമാർ

തിരു : പ്രതിപക്ഷ നേതാവ് വി.ഡി സതീശനെതിരെ മുഖ്യമന്ത്രി പിണറായി വിജയനും പാർലമെൻററികാര്യ മന്ത്രി എം.ബി രാജേഷനും നടത്തിയ അധിക്ഷേപകരമായ പരാമർശം നിയമസഭ രേഖകളിൽ നിന്നും നീക്കണമെന്ന് ആവശ്യപ്പെട്ട് സ്പീക്കർക്ക് കത്ത്. കോൺഗ്രസ് പാർലമെൻററി പാർട്ടി സെക്രട്ടറി എ.പി അനിൽകുമാരാണ് സ്പീക്കർക്ക് കത്തു നൽകിയത്. എന്നാൽ, പ്രതിപക്ഷ നേതാവിനെ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ പാർലമെന്ററികാര്യ മന്ത്രിയും മുഖ്യമന്ത്രിയും ഈ സമയത്ത് നടത്തിയ പ്രസ്താവനകൾ സഭാ രേഖയിൽ നിലനിൽക്കുന്ന സാഹചര്യമുണ്ടെന്ന് അദ്ദേഹം ആരോപിച്ചു.

സ്പീക്കറുടെ ഡയസിൽ കയറി പ്രതിപക്ഷം

വാച്ച് ആൻഡ് വാർഡുമായി ഉന്തുംതള്ളും; സഭ പിരിഞ്ഞു

തിരു: നിയമസഭയിൽ നാടകീയരംഗങ്ങൾ; ഭരണപക്ഷവും പ്രതിപക്ഷവും നേർക്കുനേർ. പ്രതിപക്ഷം സ്പീക്കറുടെ ഡയസിൽ കയറി. പ്രതിപക്ഷത്തെ ചൊടിപ്പിച്ചത് വി.ഡി.സതീശന് നിലവാരമില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞത്

പ്രതിപക്ഷനേതാവും സ്പീക്കറുമായുള്ള ഏറ്റുമുട്ടലിൽ തുടങ്ങി സംഘർഷഭരിതമായി നിയമസഭ. ഒടുവിൽ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും തമ്മിലുള്ള വാക്പോരിന് പിന്നാലെ സഭ കനത്ത സംഘർഷത്തിന് വഴിമാറി. പ്രതിപക്ഷം സ്പീക്കറുടെ ഡയസിൽ കയറിയതോടെ തടയാൻ വാച്ച് ആൻഡ് വാർഡും അണിനിരന്നു. ഇതിനിടെ വാച്ച് ആൻഡ് വാർഡുമായി ഉന്തുംതള്ളുമായി.

ഡയസിലേക്ക് കടക്കാൻ ശ്രമിച്ച മാത്യു കുഴൽനാടൻ അടക്കമുള്ളവർ ബാനർ ഉയർത്തി പ്രതിഷേധിച്ചു. നിയമസഭയിൽ പ്രതിപക്ഷത്തെ നേരിടാൻ സജ്ജമായി ഭരണപക്ഷവും അണിനിരന്നതോടെ നേരിട്ടുള്ള സംഘർഷാവസ്ഥയിലേക്ക് കാര്യങ്ങൾ മാറി. മുഖ്യമന്ത്രിക്ക് പ്രതിരോധം തീർത്ത് അണിനിരന്ന ഭരണപക്ഷ അംഗങ്ങൾ നടുത്തളത്തിലിറങ്ങി. ഒടുവിൽ സഭ ഇന്നത്തേയ്ക്ക് പിരിഞ്ഞു.

നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങൾ ഒഴിവാക്കിയതിനെതിരായ പ്രതിപക്ഷ പ്രതിഷേധത്തോടെയായിരുന്നു ഇന്ന് സഭാനടപടികൾ തുടങ്ങിയത്. 49 ചോദ്യങ്ങളിൽ നിന്ന് നക്ഷത്ര ചിഹ്നം ഒഴിവാക്കിയെന്ന് പ്രതിപക്ഷ നേതാവ് ആരോപിച്ചു . ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ അംഗങ്ങൾ നടുത്തളത്തിലേക്ക് ഇറങ്ങി.

ബഹളം തുടരുന്നതിനിടെ ആരാണ് പ്രതിപക്ഷ നേതാവ് എന്ന സ്പീക്കറുടെ ചോദ്യത്തിൽ വി ഡി സതീശൻ ക്ഷുഭിതനായി. പിന്നാലെ ചോദ്യോത്തര വേള പ്രതിപക്ഷം ബഹിഷ്കരിച്ചു. നിലവാരമില്ലെന്ന് പ്രതിപക്ഷ നേതാവ് തെളിയിച്ചെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പരിഹസിച്ചു. സ്വയം കണ്ണാടിയിൽ നോക്കിയാൽ മതിയെന്നായിരുന്നു ഇതിന് പ്രതിപക്ഷ നേതാവിന്റെ മറുപടി.

സഭാ ടിവിയിലെ ദൃശ്യങ്ങളിൽ നിന്ന് തന്റെ പരാമർശം മാത്രം നീക്കം ചെയ്തെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. മുഖ്യമന്ത്രിയും പാർലമെന്ററികാര്യമന്ത്രിയും സ്പീക്കറും പറഞ്ഞതു മാത്രം നൽകാനാണെങ്കിൽ എന്തിനാണ് സഭാ ടിവിയെന്നും സതീശൻ ചോദിച്ചു.

മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും തമ്മിലുണ്ടായ ഡിബേറ്റ് പൊതുജനം കാണേണ്ടതല്ലേ. ഏകാധിപത്യപരമായ പ്രവർത്തിയാണ് നടക്കുന്നത്. പിണറായി വിജയൻ നരേന്ദ്ര മോദിയാകാൻ ശ്രമിക്കുകയാണ്. വരും ദിവസങ്ങളിലും സഭയിൽ പ്രതിപക്ഷം വിഷയം വീണ്ടും ഉന്നയിക്കുമെന്നും സതീശൻ പറഞ്ഞു.

മുഖ്യമന്ത്രിയുടെ അഴിമതിവിരുദ്ധ പ്രസംഗം ചെകുത്താൻ വേദമോതുന്നത് പോലെയാണെന്ന് പ്രതിപക്ഷ നേതാവ് സഭയിൽ പറഞ്ഞിരുന്നു. നിലവാരമില്ലായ്മ എന്തെന്നറിയാൻ സ്വയം കണ്ണാടിയിൽ നോക്കണം. ഭരണപക്ഷത്തിന്റെ നിലവാരത്തിലേക്ക് താഴാതിരിക്കാനാണ് ശ്രമിക്കുന്നതെന്നും സതീശൻ പറഞ്ഞു.

സതീശൻ കാപട്യത്തിന്റെ മൂർത്തികമാണെന്ന് മുഖ്യമന്ത്രി തിരിച്ചടിച്ചു. തന്നോട് കണ്ണാടിയിൽ നോക്കാനൊന്നും പറയണ്ട. അതൊന്നും ഇങ്ങോട്ട് വേണ്ടെന്നും ഏശില്ലെന്നും മുഖ്യമന്ത്രി സഭയിൽ പ്രതികരിച്ചു.

ഇതിന് പിന്നാലെയാണ് നിയമസഭയിൽ നാടകീയ രംഗങ്ങൾ അരങ്ങേറിയത്. കയ്യാങ്കളിയിലേക്ക് നീങ്ങുന്ന സാഹചര്യം ഉടലെടുത്തു. മാത്യു കുഴൽനാടനുപുറമെ അൻവർ സാദത്തും ഐ.സി. ബാലകൃഷ്ണനും സ്പീക്കറുടെ ഡയസിൽ കയറി. തുടർന്നാണ് ബഹളത്തെ തുടർന്ന് സഭ ഇന്നത്തേക്ക് പിരിഞ്ഞത്.

ഇതിനിടയിൽ വർക്കല എം എൽഎയും സിപിഎം തിരുവനന്തപുരം ജില്ലാ സെക്രട്ടറിയുമായ വി.ജോയിയും സഭയിൽ കടുത്ത പരാമർശങ്ങൾ നടത്തി. ചോദ്യോത്തര വേളയിലായിരുന്നു ജോയി പ്രതിപക്ഷാംഗത്തിന് നേരെ ക്ഷുഭിതനായത്. "എന്നോട് മറ്റേ വർത്തമാനം പറയരുത്. അതൊക്കെ നിന്റെ കൈയിൽ വച്ചിരുന്നാ മതി. എന്നോട് വേണ്ടാ. എന്നായിരുന്നു ജോയിയുടെ പ്രതികരണം".

തുടർന്ന് സ്പീക്കർ ഇടപെടുകയായിരുന്നു. എന്തെങ്കിലും പറയാനുണ്ടെങ്കിൽ തന്നോട് പറഞ്ഞാൽ മതിയെന്ന് പറഞ്ഞ് സ്പീക്കർ രംഗം ശാന്തമാക്കി.

നടൻ സിദ്ദിഖ് ഹാജർ; മൂന്നുദിവസം ചോദ്യം ചെയ്യണമെന്ന് പോലീസ് സംഘം

തിരു: ബലാൽസംഗക്കേസിൽ ചോദ്യം ചെയ്യലിനായി നടൻ സിദ്ദിഖ് തിരുവനന്തപുരം കമ്മിഷണർ ഓഫിസിൽ ഹാജരായി. തിരുവനന്തപുരം നർകോട്ടിക്സ് സെൽ എസിപിയും സംഘവുമാണ് സിദ്ദിഖിനെ ചോദ്യം ചെയ്യുന്നത്. അന്വേഷണസംഘത്തിൻറെ നിർദേശാനുസരണം സിദ്ദിഖ് പിന്നീട് പോലീസ് കൺട്രോൾ റൂമിലേക്ക് പോയി.

സിദ്ദിഖിന് സുപ്രീംകോടതി ഇടക്കാല മുൻകൂർ ജാമ്യം നൽകിയിട്ടുണ്ട്. അതിനാൽ അറസ്റ്റ് ചെയ്താലും വിചാരണ കോടതിയിൽ ഹാജരാക്കി ജാമ്യത്തിൽ വിടണം. എന്നാൽ, രണ്ടോ മൂന്നോ ദിവസം തുടർച്ചയായി ചോദ്യം ചെയ്യേണ്ടതുണ്ടെന്നാണ് അന്വേഷണസംഘത്തിന്റെ നിലപാട്. ചില പരിശോധനകൾക്ക് സിദ്ദിഖിനെ വിധേയനാക്കണ്ടതുണ്ടെന്നും പൊലീസ് പറയുന്നു.

തിരുവനന്തപുരം മാസ്കറ്റ് ഹോട്ടലിൽ വച്ച് സിദ്ദിഖ് പീഡിപ്പിച്ചു എന്നാരോപിച്ചാണ് നടി പരാതി നൽകിയത്. തുടർന്ന് സിദ്ദിഖിനെതിരെ ബലാൽസംഗം, ഭീഷണിപ്പെടുത്തൽ എന്നീ വകുപ്പുകൾ ചുമത്തി കേസെടുത്തു. അറസ്റ്റിനെതിരെ ഹൈക്കോടതിയെ സമീപിച്ചെങ്കിലും മുൻകൂർ ജാമ്യം ലഭിച്ചില്ല . തുടർന്ന് ഒളിവിൽ പോയ സിദ്ദിഖ് മുൻകൂർ ജാമ്യത്തിനായി സുപ്രീം കോടതിയെ സമീപിച്ചു. താൽകാലികമായി അറസ്റ്റ് തടഞ്ഞ സുപ്രീം കോടതി അന്വേഷണഉദ്യോഗസ്ഥർ മുമ്പാകെ ഹാജരാകാൻ സിദ്ദിഖിന് നിർദേശം നൽകി. കേസിൽ അറസ്റ്റുണ്ടായാൽ വിചാരണ കോടതിയിൽ ഹാജാക്കി ജാമ്യം നൽകാനും സുപ്രീകോടതി നിർദേശിച്ചു. ഇതേ തുടർന്നാണ് സിദ്ദിഖ് പുറത്തു വന്നതും ഇന്ന് ചോദ്യം ചെയ്യലിന് ഹാജരായതും.

ബലാത്സംഗക്കേസിൽ ചോദ്യം ചെയ്യലിനായി നടൻ സിദ്ദിഖ് മകനൊപ്പമാണ് എത്തിയത്. മുൻകൂർ ജാമ്യാപേക്ഷ സുപ്രീം കോടതിയുടെ പരിഗണനയിൽ നിലനിൽക്കുന്നതിനാൽ നോട്ടീസ് നൽകുന്ന കാര്യത്തിൽ അന്വേഷണ സംഘം തീരുമാനമെടുത്തിരുന്നില്ല. ഈ സാഹചര്യത്തിലാണ് ഹാജരാകാൻ തയാറാണെന്ന് സിദ്ദിഖ് തന്നെ അറിയിച്ചത്. ഇത് നടന്റെ തന്ത്രപരമായ നീക്കമായാണ് അന്വേഷണ സംഘം വിലയിരുത്തുന്നത്.

യുവനടിയുടെ പരാതിയിലാണ് സിദ്ദിഖിനെതിരെ ബലാത്സംഗത്തിന് കേസെടുത്തിരിക്കുന്നത്.

പ്ലസ് ടുക്കാലത്ത് സോഷ്യൽ മീഡിയ വഴി പരിചയപ്പെട്ട സിദ്ദിഖ്, നിളാ തിയേറ്ററിലെ ഒരു ചിത്രത്തിന്റെ പ്രിവ്യൂ ഷോ കഴിഞ്ഞ് സിനിമാ ചർച്ചയ്ക്കായി മാസ്കോട്ട് ഹോട്ടലിലേക്ക് ക്ഷണിച്ചെന്നാണ് മൊഴി നൽകിയിരിക്കുന്നത്. ഈ സമയം മാതാപിതാക്കൾ ഒപ്പമുണ്ടായിരുന്നു. പിന്നീട് ഹോട്ടലിലെത്തിയ തന്നെ മുറിയിൽ പൂട്ടിയിട്ട് പീഡിപ്പിച്ചു. അവിടെ നിന്ന് ഒരുവിധത്തിൽ രക്ഷപ്പെടുകയായിരുന്നുവെന്നും പരാതിക്കാരി ആരോപിച്ചിരുന്നു.

പരാതിക്കാരിയെ തിരുവനന്തപുരത്ത് വച്ച് കണ്ടിരുന്നതായി സിദ്ദിഖ് തന്നെ സമ്മതിച്ചിട്ടുണ്ട്.

അമേരിക്ക കൈവിട്ടു; കുതിപ്പിന് ബ്രേക്കിട്ട് സ്വർണ വില; വീണ്ടും താഴേക്ക്

കൊച്ചി: സർവകാല ഉയരത്തിൽ നിന്ന് താഴേക്ക് എത്തി കേരളത്തിലെ സ്വർണ വില. പവന് 160 രൂപ കുറഞ്ഞ് 56,800 രൂപയിലാണ് ഇന്ന് വ്യാപാരം. ഗ്രാമിന് 20 രൂപ കുറഞ്ഞ് 7100 രൂപയിലാണ് ഇന്നത്തെ വില. ഇന്നലെ രേഖപ്പെടുത്തിയ ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിരക്കായ 56,960 രൂപയിൽ നിന്നാണ് സ്വർണവില കുറഞ്ഞത്.

അമേരിക്കയിൽ നവംബറിൽ നടക്കാനിരിക്കുന്ന ഫെഡ് യോഗത്തിൽ വലിയ അളവിൽ പലിശ നിരക്ക് കുറയില്ലെന്ന വിലയിരുത്തലിന് പിന്നാലെ രാജ്യാന്തര സ്വർണ വില ഇടിഞ്ഞു. ഇതാണ് കേരളത്തിലും സ്വർണ വിലയെ സ്വാധീനിച്ചത്.

കഴിഞ്ഞ ദിവസം പുറത്തു വന്ന അമേരിക്കയിലെ തൊഴിൽ ഡാറ്റ മികച്ച നമ്പർ രേഖപ്പെടുത്തിയതാണ് പലിശ നിരക്ക് കുറയ്ക്കുമെന്ന പ്രതീക്ഷയ്ക്ക് തിരിച്ചടിയായത്. ആറു മാസത്തിനിടെ ഏറ്റവും ഉയർന്ന തൊഴിലവസരങ്ങളാണ് സെപ്റ്റംബറിൽ അമേരിക്കയിൽ റിപ്പോർട്ട് ചെയ്തത്. അതേസമയം തൊഴിലില്ലായ്മ നിരക്ക് 4.11 ശതമാനമായി കുറയുകയും ചെയ്തു.

യുഎസ് സമ്പദ്വ്യവസ്ഥ മികച്ച നിലയിലായതിനാൽ നവംബർ യോഗത്തിൽ ഫെഡ് വലിയ അളവിലുള്ള പലിശ കുറയ്ക്കലിലേക്ക് പോകില്ലെന്ന വിലയിരുത്തലുണ്ടായത്. ഇതോടെ ഡോളർ ശക്തമാവുകയും സ്വർണ വില ഇടിയുകയുമായിരുന്നു.

അന്താരാഷ്ട്ര വിപണിയിൽ സ്വർണ വില ഡോളറിലാണ് എന്നതിനാൽ ഡോളർ ശക്തമാകുന്നത് സ്വർണത്തിന് തിരിച്ചടിയാണ്.

സെപ്റ്റംബറിൽ 2685 ഡോളറിലെത്തിയിരുന്ന സ്വർണ വില നിലവിൽ 2,646.61 ഡോളറിലാണ് വ്യാപാരം നടക്കുന്നത്.

ഇന്ത്യയുടെ സുരക്ഷക്ക് ഭീഷണിയാവുന്ന നടപടികളുണ്ടാവില്ല – മാലദ്വീപ് പ്രസിഡണ്ട്

ന്യൂഡൽഹി: ഇന്ത്യയുടെ സുരക്ഷക്ക് ഭീഷണിയാവുന്ന നടപടികൾ മാലദ്വീപിന്റെ ഭാഗത്ത് നിന്ന് ഉണ്ടാവില്ലെന്ന് പ്രസിഡന്റ് മുഹമ്മദ് മുയിസു. 4ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയപ്പോഴാണ് അദ്ദേഹത്തിന്റെ പ്രതികരണം.

ഇന്ത്യയുടെ സുരക്ഷയെ അട്ടിമറിക്കുന്നതൊന്നും മാലദ്വീപിന്റെ ഭാഗത്ത് നിന്നും ഉണ്ടാവില്ലെന്ന് അദ്ദേഹം പറഞ്ഞു. മാലദ്വീപിന്റെ വിലമതിക്കാനാകാത്ത പങ്കാളിയും സുഹൃത്തുമാണ് ഇന്ത്യ. പരസ്പര ബഹുമാനത്തിന്റെയും പങ്കാളിത്ത താൽപര്യങ്ങളുടെയും അടിസ്ഥാനത്തിലാണ് ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധമെന്നും അദ്ദേഹം പറഞ്ഞു.

വിവിധ മേഖലകളിലുള്ള മറ്റു രാജ്യങ്ങളുമായി സഹകരണം വർധിപ്പിക്കുമ്പോഴും നമ്മുടെ മേഖലയുടെ സുരക്ഷയെയും സ്ഥിരതയെയും ബലികഴിക്കുന്ന ഒരു നടപടിയും ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്താൻ മാലദ്വീപ് പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ദ്വീപിൽ നിന്നും ഇന്ത്യൻ സൈന്യത്തെ പിൻവലിക്കുന്നതും സംബന്ധിച്ചും അദ്ദേഹം പ്രതികരണം നടത്തി. മാലദ്വീപിന്റെയും ഇന്ത്യയുടെയും മുൻഗണനകളെയും ആശങ്കകളെയും കുറിച്ച് ഇരുരാജ്യങ്ങൾക്കും ഇപ്പോൾ മെച്ചപ്പെട്ട ധാരണയുണ്ട്. മാലദ്വീപിലെ ജനങ്ങൾ ആവശ്യപ്പെട്ട കാര്യമാണ് ഞാൻ നടപ്പാക്കിയത്.

ആഭ്യന്തര പ്രാധാന്യം അനുസരിച്ചുള്ള വിഷയങ്ങൾക്ക് മുൻഗണന നൽകാനുള്ള ഞങ്ങളുടെ ശ്രമങ്ങളുടെ ഭാഗമാണ് ഇതെന്നും അദ്ദേഹം പറഞ്ഞു.

'ഒരു നാടിനെയും സമുദായത്തെയും അപകീർത്തിപ്പെടുത്തി'; കെ ടി ജലീലിനെതിരെ എസ് പിക്ക് പരാതി

മലപ്പുറം: സ്വർണക്കടത്ത് കേസുകളിലെ പ്രതികളിൽ ഭൂരിഭാഗവും മുസ്ലിം സമുദായത്തിൽ ഉള്ളവരാണെന്ന വിവാദ പ്രസ്താവനയിൽ തവനൂർ എംഎൽഎ കെ ടി ജലീലിനെതിരെ പരാതി. മുസ്ലിം യൂത്ത് ലീഗ് നേതാവ് യു എ റസാഖാണ് മലപ്പുറം എസ് പിക്ക് പരാതി നൽകിയത്. ജലീലിന്റെ പ്രസ്താവന ഒരു നാടിനെയും സമുദായത്തെയും അപകീർത്തിപ്പെടുത്തുന്നതാണെന്നും മതസ്പർദ്ധയുണ്ടാക്കി കലാപം ഉണ്ടാക്കലാണ് ജലീലിന്റെ ലക്ഷ്യമെന്നും പരാതിയിൽ ആരോപിക്കുന്നു.

ഹജ്ജിന് പോയ കേരളത്തിലെ പ്രമുഖനായ മുസ്ലിം മതപണ്ഡിതനെ ഖുറാന്റെ പുറംചട്ടയിൽ സ്വർണം ഒളിപ്പിച്ച് കൊണ്ടുവന്നതിന് കസ്റ്റംസുകാർ പിടി കൂടി ജയിലിൽ അടച്ചിട്ടുണ്ടെന്നാണ് ജലീൽ കഴിഞ്ഞ ദിവസം വാർത്താസമ്മേളനത്തിൽ പറഞ്ഞത്.

'മുസ്ലിങ്ങൾ മുഴുവൻ സ്വർണക്കടത്തുകാരാണെന്ന് താൻ പറഞ്ഞിട്ടില്ല. ഇവിടെ രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ ഉൾപ്പെടുന്നവരിൽ ഭൂരിപക്ഷവും മുസ്ലിം സമുദായമാണ്. അവരെ കാര്യങ്ങൾ പറഞ്ഞ് മനസിലാക്കണം. ഞാൻ മന്ത്രിയായിരുന്നപ്പോൾ സ്വർണക്കടത്തുമായി ബന്ധപ്പെട്ട കഴമ്പില്ലാത്ത ആരോപണങ്ങൾ ഉയർന്നപ്പോൾ കോൺഗ്രസും ലീഗും ബി.ജെ.പിയും അതിനെ പിന്തുണച്ചു. തന്നെ കൊത്തി വലിക്കാൻ അവർ എറിഞ്ഞു കൊടുക്കുകയായിരുന്നു.തന്റെ പിന്നാലെ വേട്ടപ്പട്ടിയെ പോലെ ഓടി', – ഇതാണ് ജലീലിന്റെ വിവാദ പ്രസ്താവന.

അതേസമയം, പ്രസ്താവന വിവാദമായതിന് പിന്നാലെ അത് തെറ്റായി വ്യാഖ്യാനിച്ചെന്ന് ചൂണ്ടിക്കാട്ടി ജലീൽ രംഗത്തെത്തിയിരുന്നു. ബോധവത്കരിക്കാൻ ഖാളിമാർ തയ്യാറാവണമെന്ന് പറഞ്ഞാൽ അതെങ്ങനെ ഇസ്ലാമിനെതിരാവുമെന്നും അദ്ദേഹം ചോദിച്ചു.

പ്രധാനമന്ത്രി മോദി ജാതി സെൻസസ് വൈകിപ്പിക്കുന്നത് എന്തുകൊണ്ട് – ജയറാം രമേഷ്

ന്യൂഡൽഹി: ബി.ജെ.പി സർക്കാർ രാജ്യത്തെ ജാതി സെൻസസ് അനന്തമായി വൈകിപ്പിക്കുന്നതിൽ വിമർശനവുമായി കോൺഗ്രസ് ജനറൽ സെക്രട്ടറി ജയറാം രമേശ്. രാഷ്ട്രീയ മാറ്റത്തിനും സാമ്പത്തിക പ്രതിസന്ധിക്കും ഇടയിലായിരുന്നിട്ടുപോലും ശ്രീലങ്ക ഏറ്റവും പുതിയ ജനസംഖ്യാ, പാർപ്പിട സെൻസസ് തിങ്കളാഴ്ച ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചതായി ജയറാം രമേശ് ചൂണ്ടിക്കാട്ടി.

സെൻസസിലെ 'കാലതാമസം' സംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയോട് ചോദ്യം ഉന്നയിച്ച രമേശ്, ജാതികൾ എണ്ണിത്തിട്ടപ്പെടുത്തിയാൽ മാത്രമേ വിദ്യാഭ്യാസത്തിലും തൊഴിലിലും സമ്പൂർണവും അർത്ഥവത്തായതുമായ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി ഉറപ്പാക്കാൻ കഴിയൂ എന്ന് ഊന്നിപ്പറഞ്ഞു.

2012ൽ അവസാനമായി നടന്ന ശ്രീലങ്കയിലെ സെൻസസ് ഇന്ന് വീണ്ടും ആരംഭിക്കുന്നു. എന്നാൽ, ഇന്ത്യയുടെ കാര്യമോ? ദശാബ്ദക്കാലത്തെ സെൻസസ് 2021ൽ നടക്കേണ്ടതായിരുന്നു. അത് സംഭവിക്കുന്നതിന്റെ ഒരു ലക്ഷണവും ഇപ്പോഴില്ല. എന്തുകൊണ്ടാണ് 'അജൈവ' പ്രധാനമന്ത്രി സെൻസസ് വൈകിപ്പിക്കുന്നത്? – എക്സിലെ പോസ്റ്റിൽ രമേശ് ഉന്നയിച്ചു.

2013ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം അല്ലെങ്കിൽ പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന പ്രകാരമുള്ള ആനുകൂല്യങ്ങൾ 10 കോടിയിലധികം ഇന്ത്യക്കാർക്ക് നിഷേധിക്കപ്പെടുന്നു. 2011ലെ സെൻസസ് പ്രകാരമുള്ള കണക്കെടുപ്പ് ഇപ്പോഴും ഉപയോഗിക്കുന്നതാണ് അതിനു കാരണമെന്നും അദ്ദേഹം പറഞ്ഞു.

കോൺഗ്രസും മറ്റെല്ലാ രാഷ്ട്രീയ പാർട്ടികളും ആവശ്യപ്പെടുന്നത് പോലെ സെൻസസിൽ ജാതിയെക്കുറിച്ചുള്ള ചോദ്യങ്ങൾ സംയോജിപ്പിക്കുന്നതിനെക്കുറിച്ച് എന്താണ് കേന്ദ്രത്തിന്റെ അഭിപ്രായമെന്നും അദ്ദേഹം ചോദിച്ചു. 1951 മുതൽ ഓരോ 10വർഷത്തിലും പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ വിശദമായ കണക്കെടുപ്പ് നടക്കുന്നുണ്ട്. ഇപ്പോൾ വേണ്ടത് ഒ.ബി.സികളുടെയും മറ്റ് ജാതികളുടെയും സമാനമായ വിശദമായ കണക്കാണ് –രമേശ് വ്യക്തമാക്കി.

വരന്റെ വീട്ടിൽനിന്ന് മടങ്ങവേ വാഹനാപകടം; മകളുടെ വിവാഹദിനത്തിൽ അധ്യാപികയ്ക്ക് ദാരുണാന്ത്യം

കോട്ടയം: വാഴൂർ പതിനേഴാംമൈലിൽ ഉണ്ടായ വാഹനാപകടത്തിൽ അധ്യാപികയ്ക്ക് ദാരുണാന്ത്യം. എരുമേലി പാണപിലാവ് ഗവൺമെൻറ് സ്കൂൾ ഹെഡ്മിസ്ട്രസ് ഷീനാഷംസുദീൻ ആണ് മരിച്ചത്. ഞായറാഴ്ച രാത്രിയായിരുന്നു അപകടം.

മകൾ നെഫ്ലയുടെ വിവാഹദിനത്തിലാണ് ഷീനാ ഷംസുദീന്റെ ദാരുണാന്ത്യം. വിവാഹശേഷം കോട്ടയം കുടയംപടിയിലുള്ള വരന്റെ വീട്ടിൽ നടന്ന റിസപ്ഷനിൽ പങ്കെടുത്തു മടങ്ങവേയാണ് അപകടമുണ്ടായത്. വാഴൂർ പതിനേഴാംമൈൽ ഇളമ്പള്ളിക്കവല വളവിൽവെച്ച് നിയന്ത്രണം നഷ്ടപ്പെട്ട കാർ ഹൈവേയിൽനിന്നും മുപ്പതടിയോളം താഴ്ചയിലേക്ക് മറിയുകയായിരുന്നു. ഭർത്താവ് ഷംസുദീനും മകൻ നെബിൽ മുഹമ്മദ് ഷായും പരുക്കുകളോടെ രക്ഷപ്പെട്ടു.

മലയാളി ഏജൻറുമാരുടെ ക്രൂരത; വിദ്യാർഥിയെ മർദിച്ചവശനാക്കി; ഭീഷണി

ബെംഗളൂരു: മലയാളി നഴ്സിംഗ് വിദ്യാർഥിക്ക് ക്രൂരമർദനമേറ്റതായി പരാതി. പലരെയും മർദിച്ച ദൃശ്യങ്ങൾ ഫോണിൽ കാണിച്ച ശേഷം ഏതു മോഡൽ വേണമെന്ന് ചോദിച്ചായിരുന്നു മർദനം. കാൽപ്പാദം മുതൽ തല വരെ തല്ലിച്ചതച്ചുവെന്ന് വിദ്യാർഥി. നാട്ടിലെത്തിയ വിദ്യാർഥിയെ ചികിൽസയ്ക്കായി ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു.

മാവേലിക്കര മാങ്കാംകുഴി പുത്തൻപുരയിൽ ആദിൽ ഷിജിക്കാണ് മർദനമേറ്റത്. ബെംഗളൂരുവിൽ സുശ്രുതി നഴ്സിംഗ് കോളേജിലെ ഒന്നാം വർഷ വിദ്യാർഥിയാണ്. കോളജിന്റെ ഏജന്റുമാരായ റെജി ഇമ്മാനുവൽ, അർജുൻ എന്നിവരും മറ്റൊരു ഉത്തരേന്ത്യക്കാരനും ചേർന്ന് ക്രൂരമായി മർദിച്ചെന്നാണ് പരാതി. കഴിഞ്ഞ ഒക്ടോബറിൽ സുശ്രുതി കോളേജിലാണ് ചേർന്നതെങ്കിലും ഒന്നാം സെമസ്റ്ററിന്റെ ഹാൾ ടിക്കറ്റ് വന്നപ്പോഴാണ് റജിസ്ട്രേഷൻ ഏറെ ദൂരത്തുള്ള പൂർണ പ്രഗ്ന എന്ന കോളേജിലാണ് തിരിച്ചറിഞ്ഞത്.

പിന്നീട് ആദിൽ ബെംഗളൂരുവിലെ മറ്റൊരു കോളജിൽ റജിസ്ട്രേഷൻ നടത്തി. ഇതിന്റെ വിരോധമാണ് മർദ്ദിക്കാൻ കാരണമെന്ന് ആദിൽ പറഞ്ഞു. ഒക്ടോബർ 3ന് ഉച്ചയ്ക്കു 2.30ന് പത്തനംതിട്ട തെക്കേമല സ്വദേശി റെജി ഇമ്മാനുവലും നിലമ്പൂർ സ്വദേശി അർജുനും അവരുടെ ഓഫിസിലേക്കു വിളിപ്പിച്ചു. അകത്തു കയറ്റി വാതിലടച്ച ശേഷം കയ്യും കാലും കെട്ടിയിട്ടു.

തുടർന്നു വടി കൊണ്ടു കാൽപാദങ്ങളിൽ അടിച്ചു. പാട് കാണാതിരിക്കാൻ നിലത്തു വെള്ളമൊഴിച്ച് അതിൽ ചാടാൻ ആവശ്യപ്പെട്ടു. തുടർന്നു കയ്യിൽ തുണിചുറ്റി മുതുകത്ത് ഇടിച്ചു. രാത്രി 8 വരെ ഇതു തുടർന്നു. പിന്നീട് ആഹാരം നൽകിയ ശേഷം അവരുടെ താമസസ്ഥലത്തു കൊണ്ടുപോയി അടച്ചിട്ടു. 4ന് ഉച്ചയ്ക്ക് 3നു ശേഷമാണു പുറത്തുവിട്ടത്.

മർദന വിവരം പുറത്തു പറഞ്ഞാൽ നഗ്നചിത്രങ്ങൾ പ്രചരിപ്പിക്കുമെന്നും കൊന്നുകളയുമെന്നും ഭീഷണിപ്പെടുത്തി. വീട്ടുകാരെ വിവരമറിയിച്ചതിനെത്തുടർന്ന് അവർ എത്തി നാട്ടിലേക്ക് കൊണ്ടുവന്നു. തുടർന്ന് വണ്ടാനം മെഡിക്കൽ കോളേജാശുപത്രിയിൽ ചികിൽസ തേടുകയായിരുന്നു. മർദിച്ചവർക്കെതിരെ ജില്ലാ പോലീസ് മേധാവിക്കും ആദിൽ പരാതി നൽകി.

ഉറങ്ങി കിടന്ന ഭാര്യയെ തല നിലത്തടിച്ച് കൊലപ്പെടുത്തി; ഭർത്താവ് കീഴടങ്ങി

കാസർകോട്: അമ്പലത്തറയിൽ ഭർത്താവ് ഭാര്യയെ കൊലപ്പെടുത്തിയ ശേഷം പൊലീസിൽ കീഴടങ്ങി. കണ്ണോത്ത് കക്കാട് ദാമോദരനാണ് ഭാര്യ ബീനയെ കൊലപ്പെടുത്തിയത്. കുടുംബ പ്രശ്നമാണ് കൊലപാതകത്തിന് കാരണമെന്നാണ് പോലീസിന്റെ നിഗമനം.

പുലർച്ച രണ്ടരയോടെയായിരുന്നു സംഭവം. ഉറങ്ങിക്കിടന്ന ബീനയെ ദാമോദരൻ കഴുത്തു ഞെരിച്ചും തല നിലത്തടിച്ചും കൊലപ്പെടുത്തുകയായിരുന്നു. ബീനയുടെ മരണം ഉറപ്പിച്ചതിന് ശേഷമാണ് ദാമോദരൻ രാവിലെ അമ്പലത്തറ പോലീസ് സ്റ്റേഷനിൽ എത്തി കീഴടങ്ങിയത്. അതിനുമുൻപ് രാവിലെ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ബി എസ് എൻ എൽ & ഡോട്ട് പെൻഷനേഴ്സ് അസ്സോസിയേഷൻ ജില്ലാ സമ്മേളനം

തൃശൂർ: ബി എസ് എ ൻ എൽ & ഡോട്ട് പെൻഷനേഴ്സ് അസ്സോസിയേഷൻ - ഇന്ത്യായുടെ തൃശ്ശൂർ ജില്ലാ സമ്മേളനം ഐ എൻ ടി യു സി ഹാളിൽ വെച്ച് നടന്നു.

ജില്ലാ പ്രസിഡന്റ് പി.വി അറുമുഖൻ അദ്ധ്യക്ഷത വഹിച്ചു ഐ എൻ ടി യു സി ജില്ലാ പ്രസിഡന്റ് സുന്ദരൻ കുന്നത്തുള്ളി ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി ജി. സുരേന്ദ്രൻ മുഖ്യ പ്രഭാഷണം നടത്തി ജില്ലാ സെക്രട്ടറി. കൊച്ചു ദേവസ്സി സ്വാഗതം ആശംസിച്ചു. കെ. രാമദാസ്, കെ.ജയകുമാർ, കെ. ഉണ്ണികൃഷ്ണൻ, അമ്മിണി, പി. രവീന്ദ്രൻ എന്നിവർ സംസാരിച്ചു ദീർഘകാലമായി പരിഹരിക്കാത്ത പെൻഷൻ പരിഷ്കരണം ഉടൻ നടപ്പിലാക്കണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.

പുതിയ ഭാരവാഹികളായി കെ.ജയകുമാർ ജില്ലാ പ്രസിഡന്റ് സി.ടി. കൊച്ചു ദേവസ്സി, ജില്ലാ സെക്രട്ടറി, പി.രവീന്ദ്രൻ, ജില്ലാ ട്രഷറർ എന്നിവരെ യോഗം തിരഞ്ഞെടുത്തു.

കെ.ജയകുമാർ കൊച്ചുദേവസ്സി

അരണാട്ടുകര തോപ്പിൽ മൂലയിലെ ഷീല കൊലപാതക കേസിൽ പ്രതികളെ വെറുതെ വിട്ടു

തൃശൂർ: തോപ്പിൽ മൂലയിലെ ഷീല കൊലപാതക കേസിൽ പ്രതികളെ വെറുതെ വിട്ടു. അരണാട്ടുകര തോപ്പിൽ മൂലയിൽ താമസിച്ചിരുന്ന ഷീലയെ സ്വർണാഭരണങ്ങളും പണവും വാഹനവും മറ്റ് ഗൃഹോപകരണങ്ങളും കവർച്ച ചെയ്യുന്നതിനായി പ്രതികൾ ഷീലയുടെ വീട്ടിലേക്ക് അതിക്രമിച്ചു കയറി വരികയും സംസാര ശേഷിയും കേൾവിശക്തിയും ഇല്ലാത്ത സഹോദരിയെ കെട്ടിയിട്ടതിനു ശേഷം ഷീലയെ കഴുത്തു ഞെരിച്ച് കൊലപ്പെടുത്തിയെന്നാണ് പ്രോസിക്യൂഷൻ കേസ്. 14-6-2012 തീയതി രാത്രി 10.30നാണ് കൃത്യം നടന്നത്.

കേസിലെ രണ്ടാം പ്രതിയായ കമല ഷീലയുടെ വീട്ടിലെ വേലക്കാരിയായിരുന്നതും ടിയാരിയുടെ നിർദ്ദേശപ്രകാരമാണ് സ്വർണാഭരണങ്ങളും മറ്റും കവർച്ച ചെയ്യുന്നതിനായി കൊലപാതകം നടത്തിയെന്നുമാണ് സാക്ഷി മൊഴി. വിചാരണ മദ്ധ്യേ രണ്ടാം പ്രതി ഒളിവിൽ പോവുകയായിരുന്നു. രണ്ടാം പ്രതി ഒഴികെയുള്ള മറ്റ് പ്രതികളെ കോടതി വെറുതെ വിട്ടു. വാദി ഭാഗത്തുനിന്ന് 24 സാക്ഷികളെ കോടതി വിസ്തരിക്കുകയും 84 രേഖകൾ ഹാജരാക്കുകയും ചെയ്തിരുന്നു.

അഡ്വ. സി ടി ജോഫി

എന്നാൽ സംശയാസ്പദമായി കേസ് തെളിയിക്കാൻ പ്രോസിക്യൂഷന് സാധിച്ചില്ലെന്ന് കണ്ടെത്തിയാണ് കേസ് വെറുതെ വിട്ടത്. കളവ് ചെയ്ത സ്വർണാഭരണങ്ങളും വാഹനവും കമ്പ്യൂട്ടറുകളും മൊബൈൽ ഫോണുകളും പണവും പോലീസ് പിടിച്ചെടുത്ത് കോടതി ഹാജരാക്കിയിരുന്നതാണ്. തൃശൂർ ടൗൺ വെസ്റ്റ് പോലീസാണ് പ്രതികൾക്കെതിരെ 919/2012 നമ്പർ ആയി കൊലപാതകത്തിന് കേസെടുത്ത് കുറ്റപത്രം സമർപ്പിച്ചത്.

SC/762/2012 നമ്പർ ആയി വിചാരണ ചെയ്ത കേസിൽ മരണപ്പെട്ട ഷീലയുടെ ഭർത്താവും ബന്ധുക്കളും നാട്ടുകാരും അടക്കം 24 സാക്ഷികളെ കൂടുതൽ വിസ്തരിച്ചിട്ടും കേസ് തെളിയിക്കാൻ വാദികൾക്ക് കഴിഞ്ഞില്ല. ഒന്നാം പ്രതിക്ക് വേണ്ടി അഡ്വ സി ടി ജോഫി & അഡ്വ പ്രതീഷ് പി വർഗ്ഗീസ് എന്നിവർ ഹാജരായി. തൃശ്ശൂർ ഒന്നാം അഡീഷ്ണൽ ജില്ലാ സെഷൻസ് കോടതിയിലാണ് കേസിന്റെ വിചാരണ നടന്നത്. വാദം കേട്ട ജഡ്ജ് ഇ കെ സാലിഹ് ആണ് പ്രതികളെ വെറുതെ വിട്ടത്.

എട്ടാം ശമ്പള കമ്മീഷനെ ഉടനെ നിയമിക്കുക: ടി. വി. ചന്ദ്രമോഹൻ മുൻ എം. ൽ. എ

തൃശൂർ: എട്ടാം ശമ്പളം കമ്മീഷനെ ഉടനെ നിയമിക്കണമെന്ന് ടി വി ചന്ദ്രമോഹൻ മുൻ എം എൽ എ. നാഷണൽ പോസ്റ്റൽ & ആർ. എം. എസ് പെൻഷനേഴ്സ് അസോസിയേഷന്റെ ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മുതിർന്ന പൗരന്മാർക്ക് റെയിൽവേ നിരക്കിൽ ഉണ്ടായിരുന്ന കൺസഷൻ പുനസ്ഥാപിക്കുക. പഴയ പെൻഷൻ പദ്ധതി പുനസ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ സമ്മേളനം മുന്നോട്ടു വച്ചു.

ചന്ദ്രമോഹൻ ഉത്ഘാടനം ചെയ്ത സമ്മേളനത്തിൽ ജോൺസൻ ആവൊക്കാരൻ അദ്ധ്യക്ഷത വഹിച്ചു.

കെ. എം. സാജൻ, വി. കെ. മോഹനൻ, കെ. എസ്. ഭാഗ്യശ്രീ, കെ. പദ്മിനി, എന്നിവർ പ്രസംഗിച്ചു.

പോലീസിലെയും സി.പി.എമ്മിലെയും സ്ലീപ്പർ സെല്ലുകളെ കുറിച്ച് പിണറായി മറുപടി പറയണം: കെ.എ. ഷെഫീഖ്

കൊടുങ്ങല്ലൂർ: ആർ.എസ്. സുമായി നടത്തിയ രഹസ്യ ധാരണകളുടെ വസ്തുതകൾ പുറത്ത് വരുമ്പോൾ ആരോപണ വിധേയനായ മുഖ്യമന്ത്രി വിദ്വേഷ പ്രചാരണങ്ങൾ നടത്തി രക്ഷപ്പെടാൻ ശ്രമിക്കുകയാണ് എന്നും പോലീസിലെയും സി.പി.എമ്മിലെയും സ്ലീപ്പർ സെല്ലുകളെ കുറിച്ച് അദ്ദേഹം മറുപടി പറയണമെന്നും വെൽഫെയർ പാർട്ടി സംസ്ഥാന വൈസ് പ്രസിഡന്റ് കെ.എ. ഷെഫീഖ് പറഞ്ഞു. വെൽഫെയർ പാർട്ടി കൊടുങ്ങല്ലൂരിൽ നടത്തിയ ജനകീയ പ്രതിരോധം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പി. ആർ ഏജൻസിയുടെ താളത്തിന് ഒപ്പിച്ച് ഭരണം നടത്തുന്ന പിണറായി വിജയൻ ഇനിയും കേരളത്തിന്റെ മുഖ്യമന്ത്രിയായി തുടരുന്നത് അങ്ങേയറ്റം അപഹാസ്യമാണ്. തൃശ്ശൂർ പൂരം കലക്കാൻ സംഘ്പരിവാറിന് എല്ലാ സൗകര്യവും ചെയ്ത് കൊടുത്തത് എഡി ജി പി യാണെന്ന് സ്ഥിരീകരിക്കുന്ന തെളിവുകൾ പുറത്തു വന്നു കഴിഞ്ഞു. എന്നിട്ടും എ ഡി ജി പി അജിത് കുമാറിന് സുരക്ഷാ കവചമൊരുക്കുമെന്ന പിണറായി വിജയന്റെ നിലപാട് ആരെ സംരക്ഷിക്കാനാണ്. ആർ എസ് എസ് നേതാക്കളുമായി നടത്തിയ രഹസ്യ ചർച്ചയുടെ ഭാഗമായാണ് എ ഡി ജി പി ഇത് ചെയ്തിട്ടുള്ളത്. ഇതെല്ലാം മുഖ്യമന്ത്രിയുടെ അറിവോടെയല്ല നടന്നതെങ്കിൽ എന്ത് കൊണ്ടാണ് അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കാത്തത്. മുഖ്യമന്ത്രിക്ക് എന്തൊക്കെയോ ഒളിപ്പിക്കാനുള്ളത് കൊണ്ടാണ് അജിത് കുമാറിനെ തൊടാൻ മുഖ്യമന്ത്രി ഭയക്കുന്നത് എന്നും അദ്ദേഹം പറഞ്ഞു. എൽ ഡി എഫിലെ പ്രധാന ഘടകകക്ഷിയായ സി പി ഐ ആവശ്യപ്പെട്ടിട്ട് പോലും തന്റെ നിലപാട് മാറ്റാൻ മുഖ്യമന്ത്രി തയ്യാറാകുന്നില്ല. പിണറായി വിജയനെതിരെ ചോദ്യം ഉയർത്താനോ അദ്ദേഹത്തെ തിരുത്താനോ ഉള്ള കരുത്ത് സി പി എം നേതൃത്വത്തിന് നഷ്ടപ്പെട്ടത് കൊണ്ടാണ് ആർ എസ് എസ് ബന്ധമുള്ള ഉദ്യോഗസ്ഥൻ ഇപ്പോഴും ക്രമസമാധാന ചുമതലയിൽ തുടരുന്നത്. ആർ എസ് എസ് - മാഫിയ ബന്ധുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥൻ എന്ത് തരം ക്രമസമാധാന പാലനമായിരിക്കും നടത്തുക എന്ന കാര്യം ജനങ്ങൾ ചിന്തിക്കേണ്ടിയിരിക്കുന്നു. ആർ എസ് എസ് നിയന്ത്രണത്തിലേക്ക് കേരളത്തിലെ പോലീസ് സംവിധാനത്തെ എത്തിക്കുന്നതിന് കാരണക്കാരനായ പിണറായി വിജയൻ എത്രയും വേഗം മുഖ്യമന്ത്രി സ്ഥാനം രാജി വെച്ചൊഴിയണം. അതിന് തയ്യാറായില്ലെങ്കിൽ ശക്തമായ ജനകീയ പ്രക്ഷോഭത്തെ നേരിടേണ്ടി വരുമെന്നും അദ്ദേഹം പറഞ്ഞു. വെൽഫെയർ പാർട്ടി ജില്ലാ പ്രസിഡന്റ് എം.കെ. അസ്‌ലം അധ്യക്ഷത വഹിച്ചു. ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. കെ.എസ്. നിസാർ, കയ്പമംഗലം മണ്ഡലം പ്രസിഡന്റ് റഷീദ് മാസ്റ്റർ, കൊടുങ്ങല്ലൂർ മണ്ഡലം പ്രസിഡന്റ് ഷെരീഫ് പി.എ എന്നിവർ സംസാരിച്ചു.

പ്രോഗ്രാം കൺവീനർ റഫീഖ് കാതിക്കോട് സ്വാഗതവും ജില്ലാ സെക്രട്ടറി ടി.വി. ശിവശങ്കരൻ നന്ദിയും പറഞ്ഞു.

ജില്ലാ കലക്ടർ സൈക്കിളിൽ കുന്നംകുളം റോഡ് പരിശോധിച്ചു

കുന്നംകുളം: ജില്ലാ കലക്ടർ അർജുൻ പാണ്ഡ്യൻ അയ്യന്തോൾ സിവിൽ സ്റ്റേഷൻ മുതൽ ചൂണ്ടൽ വരെയും തിരികെയും 40 കിലോ മീറ്റർ സൈക്കിൾ സവാരി നടത്തി. തൃശൂർ - കുന്നംകുളം റോഡ് പണിയുടെ പുരോഗതി വിലയിരുത്തി. പരിസ്ഥിതി സൗഹൃദ വാഹനമെന്ന നിലയിലും ശാരീരിക ക്ഷമത നിലനിർത്തുവാൻ കഴിയുന്ന വാഹനം എന്ന നിലയിലും സൈക്കിളിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് കൂടിയായിരുന്നു ജില്ലാ കലക്ടറുടെ സൈക്കിൾ യാത്ര. കിരൺ ഗോപിനാഥ് പ്രസിഡന്റായ തൃശൂർ സൈക്ക്ളേഴ്സ് ക്ലബിന്റെ സെക്രട്ടറി ഡാനി വറീത്, ട്രഷറർ സനോജ് പാമ്പുങ്ങൽ എന്നിവരുടെ നേതൃത്വത്തിൽ 20 ഓളം ക്ലബ് അംഗങ്ങൾ, കെഎസ്ടിപി ഉദ്യോഗസ്ഥർ എന്നിവർ ജില്ലാ കലക്ടർക്കൊപ്പം സൈക്കിൾ യാത്രയിൽ പങ്കെടുത്തു. റോഡ് നവീകരണം പൂർത്തിയാകുന്നതുവരെ അറ്റകുറ്റപണി സമയബന്ധിതമായി പൂർത്തിയാക്കി റോഡ് സഞ്ചാരയോഗ്യമാണെന്ന് ഉറപ്പുവരുത്തണമെന്ന് ജില്ലാ കലക്ടർ കെഎസ്ടിപി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. 206.9 കോടി രൂപയുടെ പാറമേക്കാവ് - കല്ലംപുറം വരെയുള്ള 33.34 കിലോമീറ്റർ റോഡിന്റെ നവീകരണത്തിനുള്ള ടെണ്ടർ നടപടികൾ ഒക്ടോ.10 ന് പൂർത്തിയാകും. നവംബറോടെ റോഡ് പണി തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ആറ് മാസത്തിനകം പൂർത്തീകരിക്കും. നിലവിൽ കേച്ചേരി മുതൽ മഴുവൻഞ്ചേരി വരെ ഒഴിക്കെയുള്ള മുഴുവൻ റോഡും അറ്റകുറ്റപണി തീർത്ത് സഞ്ചാര യോഗ്യമാക്കിയതായി കെഎസ്ടിപി അധികൃതർ അറിയിച്ചു. കെ എസ് ടി പി റോഡ് നിർമ്മാണ ഏകോപനം നീരീക്ഷിക്കുന്നതിന് രൂപീകരിച്ച സമിതി സ്ഥിരമായി റോഡ് പണിയുടെ പുരോഗതി വിലയിരുത്തുമെന്നും ജില്ലാ കലക്ടർ അറിയിച്ചു

ചാവക്കാട് സ്വദേശിയുടെ ലക്ഷങ്ങൾ തട്ടിയെടുത്ത കേസിൽ ധനകാര്യ സ്ഥാപന മേധാവിയായ മാപ്രാണം സ്വദേശി അറസ്റ്റിൽ

ഇരിങ്ങാലക്കുട : ലക്ഷങ്ങൾ തട്ടിയെടുത്ത കേസിൽ മാപ്രാണം സ്വദേശി അറസ്റ്റിൽ. മാപ്രാണം ബ്ലോക്ക് റോഡിൽ സുവർണ്ണൻ (48) നെയാണ് ഇരിങ്ങാലക്കുട സി ഐ അനീഷ് കരീമും സംഘവും അറസ്റ്റ് ചെയ്തത്.

ചാവക്കാട് സ്വദേശി സന്ദീപിന്റെ ഇരുപത്തിയഞ്ചര ലക്ഷത്തോളം രൂപ തട്ടിയെടുത്ത കേസിലാണ് അറസ്റ്റ് ചെയ്തിരിക്കുന്നത്. 2021 ൽ ചന്തക്കുന്നിൽ പ്രവർത്തിച്ചിരുന്ന എറ്റത്ത് നിധി ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ആയി പ്രവർത്തിക്കുന്ന വേളയിലാണ് സന്ദീപിനെ വഞ്ചിച്ചതെന്ന് പോലീസ് പറഞ്ഞു. ഒളിവിൽ ആയിരുന്ന പ്രതി ജാമ്യം എടുക്കാൻ ശ്രമിച്ച് വരികയായിരുന്നു. ജാമ്യാപേക്ഷ തള്ളിയതോടെ പോലീസ് ഇയാളെ അറസ്റ്റ് ചെയ്യുകയായിരുന്നു.

തട്ടിപ്പിൽ ഉൾപ്പെട്ട കയ്പമംഗലം സ്വദേശിയും രണ്ടാം പ്രതിയുമായ ജുബിൻ ഒളിവിലാണെന്നും പോലീസ് പറഞ്ഞു. പട്ടണത്തിലുള്ള ഡോക്ടറുടെ രണ്ട് കോടിയോളം രൂപ തട്ടിയെടുത്ത കേസിലും ഇപ്പോൾ അറസ്റ്റിലായ സുന്ദരൻ പ്രതിയാണെന്നും സ്ത്രീയെ അപമാനിച്ച സംഭവവുമായി ബന്ധപ്പെട്ട് ഇയാളുടെ പേരിൽ കേസ് എടുത്തിട്ടുണ്ടെന്നും പോലീസ് അറിയിച്ചു. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

ഇഞ്ചാനോദയം ഗ്രന്ഥശാലയും സംയുക്തമായി ഞാറു നടീൽ മഹോത്സവം നടത്തി

മരത്തംകോട്: ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ എൻഎസ്എസ് വിദ്യാർത്ഥികളും കിടങ്ങൂർ പാടശേഖരസമിതിയും,ഇഞ്ചാനോദയം ഗ്രന്ഥശാലയും സംയുക്തമായി ഞാറു നടീൽ മഹോത്സവം നടത്തി. പ്രിൻസിപ്പൽ ഇൻ ചാർജ് ബീന ടീച്ചർ സ്വാഗതം പറഞ്ഞു.കടങ്ങോട് പഞ്ചായത്ത് പ്രസിഡൻറ് മീനസാജൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ആലത്തൂർ നിയോജകമണ്ഡലം എം.പി കെ. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.കർഷകരുടെ അധ്വാനത്തിന്റെ മഹത്വത്തെ കുറിച്ചും ഇന്നത്തെ യുവതലമുറ കാർഷിക മേഖലയിലേക്ക് സജീവമാകണമെന്നും അദ്ദേഹം കൂട്ടിചേർത്തു.

ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ ജലീൽ ആദൂർ ,ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി ആൻസി വില്യംസ് മുഖ്യ അതിഥികളായി.ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കെ കെ മണി,കടങ്ങോട് പഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ബീന രമേശ്,എൻഎസ്എസ് കുന്നംകുളംകൺവീനർ ലിന്റോ വടക്കൻ,കൃഷി ഓഫീസർ ബിബിൻ പൗലോസ്, പതിനാറാം വാർഡ് മെമ്പർ ടെസി ഫ്രാൻസിസ്, പോർക്കുളം വാർഡ്മെമ്പർ നിമിഷവിജിഷ് , മരത്തംകോട് സ്ക്കൂൾ പിടിഎ പ്രസിഡണ്ട് റജുല അബ്ദുൽ വഹാബ്, പിടിഎ വൈസ് പ്രസിഡൻറ് അഷ്റഫ്,എം പി ടി എ പ്രസിഡൻറ് സുനിത അജി, രശ്മി ടീച്ചർ, ഒ എസ് എ പ്രസിഡൻറ് വിജയൻമാസ്റ്റർ,പാടശേഖര സമിതി പ്രസിഡൻറ് അബ്ദുൽ അസീസ്, തുടങ്ങിയവർ ആശംസകൾ അറിയിച്ചു. കിടങ്ങൂർ ജ്ഞാനോദയംഗ്രന്ഥശാല സെക്രട്ടറി വിഷ്ണുമാഷ്, ശശി,സുഗിജ സുമേഷ്,സുബിഷ എന്നിവർ നേതൃത്വം നൽകി.

ലഹരി വിമുക്തി സന്ദേശ വോക്കത്തൺ സംഘടിപ്പിച്ച് സഹൃദയ വിദ്യാർത്ഥികൾ

കൊടകര: സഹൃദയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് സ്റ്റഡീസിലേയും സഹൃദയ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിലേയും വിദ്യാർത്ഥികൾ കേരള സർക്കാരിന്റെ ലഹരി വിരുദ്ധ ക്യാമ്പയിൻ 'വിമുക്തി' യുടെ ഭാഗമായി തൃശ്ശൂർ സ്വരാജ് റൗണ്ടിൽ സൈക്കിൾ റാലിയും വോക്കത്തണും സംഘടിപ്പിച്ചു. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ വി എസ് പ്രിൻസ് വോക്കത്തൺ ഉദ്ഘാടനം ചെയ്തു. ഒക്ടോബർ 6 ന് ഞായറാഴ്ച രാവിലെ ഏഴുമണിക്ക് തേക്കിൻകാട് തെക്കേഗോപുര നടയിൽ നിന്നു ഫ്ളാഗ് ഓഫ് ചെയ്ത വോക്കത്തൺ സ്വരാജ് റൗണ്ട് ചുറ്റി സമാപിച്ചു.

തൃശൂർ എക്സൈസ് കമ്മീഷണർ സതീഷ് പി കെ ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തുകയും, സഹൃദയ ഇൻസ്റ്റിറ്റ്യൂട്ടിലെ ലഹരി വിരുദ്ധ ക്ലബ്ബായ നേർക്കൂട്ടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. സഹൃദയ മാനേജർ മോൺ സിഞ്ഞോർ വിൽസൺ ഈരത്തറ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

തുടർന്ന്, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് വി എസ് പ്രിൻസ് സഹൃദയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് സ്റ്റഡീസിന്റെ മാനേജ്മെൻറ് ഫെസ്റ്റ് 'മെറാക്കി 2024' ന്റെ ഈ വർഷത്തെ തീയതികൾ ഔദ്യോഗികമായി പ്രഖ്യാപിച്ചു. ഈ മാസം 24, 25 തീയതികളിലാണ് ഫെസ്റ്റ്.

സഹൃദയ ഇൻസ്റ്റിറ്റ്യൂട്ടിലെ ലഹരി വിരുദ്ധ ക്ലബ്ബായ നേർക്കൂട്ടം കമ്മിറ്റിയും സഹൃദയ കോളേജ് ഓഫ് അഡ്വാൻസ് സ്റ്റഡീസിലെ ലഹരി വിരുദ്ധ കമ്മിറ്റിയും തൃശ്ശൂർ ഡെക്കാത്തലോൺ സൈക്കിൾ ക്ലബ്ബും സംയുക്തമായിട്ടാണ് ലഹരി വിരുദ്ധ ക്യാമ്പയിൻ തൃശ്ശൂർ സ്വരാജ് റൗണ്ടിൽ സംഘടിപ്പിച്ചത്.

സഹൃദയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് സ്റ്റഡീസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ഡോ. ജിനോ ജോണി മാളക്കാരൻ, ഡയറക്ടർ ഡോ. ധന്യ അലക്സ്, സഹൃദയ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ഡോ. ഡേവിസ് ചെങ്ങിനിയാടൻ, പ്രിൻസിപ്പൽ ഡോ. ജോയി കെ എൽ എന്നിവർ പ്രസംഗിച്ചു.

തൃശ്ശൂർ സ്വരാജ് റൗണ്ടിൽ നടന്ന ലഹരിവിരുദ്ധ ക്യാമ്പയിനിൽ അധ്യാപകരും വിദ്യാർത്ഥികളുമടക്കം ഇരുന്നൂറോളം പേർ പങ്കെടുത്തു.

കെ.വി. ചന്ദ്രൻ ചരമ വാർഷികത്തിൽ ആയുർവേദ ക്യാമ്പ് നടത്തി

ഇരിങ്ങാലക്കുട : കലാ-സാംസ്കാരിക സാമൂഹ്യ പൊതുരംഗത്ത് നിറസാന്നിദ്ധ്യമായിരുന്ന കെ.വി. ചന്ദ്രൻ വാരിയരുടെ രണ്ടാം ചരമവാർഷികത്തോടനുബന്ധിച്ച് മുൻസിപ്പൽ ടൗൺ ഹാളിൽ നടന്ന ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് അഷ്ടവൈദ്യൻ ഇ.ടി. ദിവാകരൻ മൂസ്സ് ഉദ്ഘാടനം ചെയ്തു. അനുസ്മരണ സമിതി ചെയർപേഴ്സൺ സോണിയ ഗിരി അധ്യക്ഷത വഹിച്ചു. യു. പ്രദീപ് മേനോൻ, എ. എസ്. സതീശൻ, എ.സി. സുരേഷ്, പി നന്ദകുമാർ, നന്ദു വാര്യർ എന്നിവർ സംബന്ധിച്ചു.

തുടർന്ന് ഡോക്ടർമാരായ ഇ.ടി. ദിവാകരൻ മൂസ്സ്, രവി മൂസ്സ് കേസരി മേനോൻ, ആര്യ, നീരജ തുടങ്ങിയവർ രോഗികളെ പരിശോധിച്ച് മരുന്ന് നൽകി.

കേരള മുസ്ലിം ജമാഅത്ത് കൃഷ്ണാപുരം യൂണിറ്റിന്റെ സംയുക്താഭിമുഖ്യത്തിൽ നടന്ന എകദിന ഉണർത്തു പഠന ക്യാമ്പിൽ സംസ്ഥാന സെക്രട്ടറി മുഹമ്മദ് പറവൂർ വിഷയാവതരണം നടത്തുന്നു

ഉണർത്തു പഠന ക്യാമ്പ് സംഘടിപ്പിച്ചു

കാളത്തോട്: കേരള മുസ്ലിം ജമാഅത്ത്, എസ് വൈ എസ്, എസ് എസ് എഫ് കൃഷ്ണാപുരം യൂനിറ്റിന്റെ സംയുക്താഭിമുഖ്യത്തിൽ എകദിന ഉണർത്തു പഠന ക്യാമ്പ് സംഘടിപ്പിച്ചു. എ എസ് ട്യൂഷൻ സെന്ററിൽ പി എം അലി മാസ്റ്റർ ഉദ്ഘാടനം ചെയ്തു. സിറാജുദ്ദീൻ അദനി അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി മുഹമ്മദ് പറവൂർ, ഷൗക്കത്തലി സഖാഫി, കെ ബി ബഷിർ മുസ്ലിയാർ എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

താജുദീൻ മുസ്ലിയാർ, സലാഹു ദ്ദീൻ അഹ്സനി, സി എച്ച് ഹൈദർ മുസ്ലിയാർ, എസ് എം ബഷീർ മുസ്ലിയാർ, അബ്ദുൽ ബാസിത്ത് അദനി, റഫീഖ്, ഷമീർ, അബൂബക്കർ ഹാജി, ബഷീർ സഖാഫി, അബ്ദുൽ കരീം സംസാരിച്ചു.

അക്വാറ്റിക് ക്ലബിൽ നൃത്ത, കലാവിരുന്ന്

തൃശൂർ: ആയിരത്തിലേറെ അംഗങ്ങളുള്ള അക്വാറ്റിക് ക്ലബിന്റെ ഓണാഘോഷങ്ങളുടെ സമാപനം വൈവിധ്യമാർന്ന കലാവിരുന്നുകളടങ്ങിയ മെഗാഷോയായി മാറി. പ്രസിഡന്റ് ജോസ് പുതുക്കാടൻ ഉദ്ഘാടനം ചെയ്തു. ബാഡ്മിന്റൺ അടക്കം വിവിധ മൽസരങ്ങളിലെ ജേതാക്കൾക്കു സമ്മാനങ്ങൾ നൽകി.

പ്രസിഡന്റ് ജോസ് പുതുക്കാടൻ നയിച്ച ഭരണസമിതി അംഗങ്ങളുടെ നൃത്തം, ടെസി പറോക്ക, റിന ജോസഫ് എന്നിവർ നയിച്ച തിരുവാതിരക്കളി, ഫാഷൻ ഷോ, ടിസയും അഡ്വ. അജിത് തോമസും നയിച്ച ഫ്യൂഷൻ ഡാൻസ് തുടങ്ങി ഇരുപതിലേറെ ആകർഷകമായ നൃത്ത, കലാവിരുന്ന് അരങ്ങേറി. ഡോ. സറീന ഗിൽവാസ്, ടിസ ചാക്കോള, രേണു ഫ്രാൻസി, മൈക്കിൾ അഞ്ചലോ, ജോൺ ആലുക്ക എന്നിവർ കലാവിരുന്നിനു നേതൃത്വം നൽകി. സെക്രട്ടറി ജോഫി ജോസഫ് സ്വാഗതം പറഞ്ഞു. കുടുംബാംഗങ്ങൾ അടക്കം 1,300 പേർ പങ്കെടുത്തു. ക്ലബിന്റെ 40-ാം വാർഷികം ആഘോഷിക്കുന്ന വേളയിലാണ് പ്രത്യേക ആഘോഷ പരിപാടികൾ ഒരുക്കിയത്.

ഗുരുവായൂർ ക്ഷേത്രം ഇടത്തരികത്ത്കാവ് ഭഗവതി ക്ഷേത്ര കവാടത്തിന് പുതുശോഭ

ഗുരുവായൂർ :എടത്തിരുത്തി കാവ് ക്ഷേത്രത്തിന് പിച്ചള പൊതിഞ്ഞുള്ള ക്ഷേത്ര കവാടം വഴിപാടായി ലഭിച്ചു. ക്ഷേത്ര കവാടത്തിന്റെ സമർപ്പണം ഇന്നലെ രാത്രി നടന്നു. ചെന്നൈയിലെ ശബരിമല ഗ്രൂപ്പാണ് വഴിപാട് സമർപ്പണം നിർവ്വഹിച്ചത്.

കൊട്ടേക്കാട് മരിയൻ റാലി

കൊട്ടേക്കാട്: ബൈബിൾ സന്ദേശങ്ങളുടേയും ജപമാല രഹസ്യങ്ങളുടേയും ദൃശ്യാവിഷ്കാരങ്ങളും ഫാത്തിമനാഥ വേഷധാരികളും മാലാഖക്കുട്ടികളും നിരന്നുകൊണ്ട് കൊട്ടേക്കാട് സെന്റ് മേരീസ് അസംപ്ഷൻ ഫൊറോന ഇടവകയിൽ മരിയൻ റാലിയിൽ അണിനിരന്ന് വിശ്വാസി സമൂഹം. ജപമാലയും ഭക്തിഗാനങ്ങളുമായി സന്യസ്തരും സ്ത്രീകളും കുട്ടികളും മുതിർന്നവരും അടക്കമുള്ളവർ റാലിയിൽ പങ്കെടുത്തു. മരിയൻ തീർത്ഥകേന്ദ്രമായ കൊട്ടേക്കാട്ടെ പരിശുദ്ധ ഫാത്തിമനാഥയുടെ തിരുനാളിനു മുന്നോടിയായാണ് ആകർഷകമായ റാലി നടത്തിയത്.

കുന്നത്തുപീടികയിൽനിന്ന് ആരംഭിച്ച റാലി വികാരി ഫാ. ജോജു ആളൂർ നയിച്ചു. അസിസ്റ്റന്റ് വികാരി ഫാ. ക്രിസ്റ്റോ തേയ്ക്കാനത്ത്, ജനറൽ കൺവീനർ ജോൺസൺ മുരിയാടൻ, ട്രസ്റ